"ഭരണ ഭാഷ – മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് – അംഗീകൃത അക്രഡിറ്റഡ് ഏജൻസികൾ (Accredited Agencies) നടത്തുന്ന ഡിപ്പോസിറ്റ് വർക്കിനായി പ്രാദേശിക സർക്കാരുകൾ നിക്ഷേപിച്ചിട്ടുള്ള തുകയിൽ ചെലവഴിക്കാത്ത തുക അതാത് വർഷം തന്നെ സംസ്ഥാന സഞ്ചിത നിധിയിൽ തിരിച്ചടയ്ക്കുന്നത് സംബന്ധിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ്.എഫ്.സി –സെൽ.എ) വകുപ്പ്**

സ.ഉ.(കൈ) നം.38/2023/ധന. തീയതി, 09 മാർച്ച്, 2023.

---

**ഉത്തരവ്**

കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് (KSEBL), കേരള ജല അതോറിറ്റി (KWA), കേരള സംസ്ഥാന നിർമിതി കേന്ദ്ര (KESNIK), Centre of Science and Technology For Rural Development (COSTFORD) ഉൾപ്പെടെയുള്ള അംഗീകൃത അക്രഡിറ്റഡ് ഏജൻസികൾ (Accredited Agencies) മുഖേന നടത്തുന്ന ഡിപ്പോസിറ്റ് വർക്കിനായി പ്രാദേശിക സർക്കാരുകൾ നിക്ഷേപിച്ചിട്ടുള്ള തുകയിൽ ചെലവഴിക്കാത്ത തുക അതാത് വർഷം തന്നെ സംസ്ഥാന സഞ്ചിത നിധിയിൽ പ്രാദേശിക സർക്കാരുകൾ തിരിച്ചടയ്ക്കുന്നില്ല എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് (KSEBL), കേരള ജല അതോറിറ്റി (KWA), കേരള സംസ്ഥാന നിർമിതി കേന്ദ്ര (KESNIK), Centre of Science and Technology For Rural Development (COSTFORD) ഉൾപ്പെടെയുള്ള എല്ലാത്തരം അംഗീകൃത അക്രഡിറ്റഡ് ഏജൻസികൾ (Accredited Agencies) മുഖേനയും നടത്തുന്ന ഡിപ്പോസിറ്റ് വർക്കിനായി അത്തരം ഏജൻസികളിൽ പ്രാദേശിക സർക്കാരുകൾ നിക്ഷേപിച്ചിട്ടുള്ള തുക അതാത് സാമ്പത്തിക വർഷം തന്നെ പ്രോജക്ട് പൂർത്തീകരണത്തിനായി ചെലവഴിക്കേണ്ടതാണ്. പ്രോജക്ട് പൂർത്തീകരിക്കാത്തതിനെ തുടർന്ന് ചെലവഴിക്കാത്ത തുക അതാതു സാമ്പത്തിക വർഷം തന്നെ പ്രാദേശിക സർക്കാരുകൾ സംസ്ഥാന സഞ്ചിത നിധിയിൽ തിരിച്ചടയ്ക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഡിപ്പോസിറ്റ് വർക്കിനായി പ്രാദേശിക സർക്കാരുകൾ അംഗീകൃത ഏജൻസികളിൽ നിക്ഷേപിച്ചതിൽ ചെലവഴിക്കാത്ത തുക തൊട്ടടുത്ത സാമ്പത്തിക വർഷം സർക്കാർ അനുവദിക്കുന്ന ഫണ്ടിൽ നിന്നും കുറവ് വരുത്തുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബിശ്വനാഥ് സിൻഹ**
**ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി.**

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്– II), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് – III), കേരള, തിരുവനന്തപുരം
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പഞ്ചായത്ത് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ ത.സ്വ.ഭ (അർബൻ) വകുപ്പ്, തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
എല്ലാ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്കും
എല്ലാ മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും
തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
ധനകാര്യ ( ബി.ഡബ്ള്യൂ-ജെ/ ഡെവലപ്. വിംഗ്/ പ്ലാനിംഗ്-എ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ-2377629)

ഉത്തരവിൻ പ്രകാരം

fu സെക്ഷൻ ഓഫീസർ.